**വനിതാ-ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. വി.വിഘ്നേശ്വരി ഐഎഎസ് )

വിഷയം:- വനിതാ-ശിശു വികസന വകുപ്പ് – ഐസിഡിഎസ് - SNA SPARSH അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതി (KL-247) പ്രോഗ്രാം ഓഫീസുകളുടെയും, ഐസിഡിഎസ് പ്രോജക്ട് ഓഫീസുകളുടെയും 2026-27 സാമ്പത്തിക വർഷത്തെ രണ്ടാം ക്വാർട്ടറിലെ POL & Hire ചാർജ്ജ് - അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. ഈ കാര്യാലയത്തിലെ 17.04.2026, 27.04.2026, 22.05.2026, 13.06.2026 തീയതികളിലെ മേൽ നമ്പർ ഉത്തരവുകൾ.

2. 14 ജില്ലാ വനിതാ-ശിശു വികസന ഓഫീസർമാർ സമർപ്പിച്ച ഫണ്ട് റിക്വസ്റ്റ്.

**<u>ഉത്തരവ് നം : DWCD/1984/2026-ICDSA1 തീയതി: 01-08-2026</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോഗ്രാം ഓഫീസുകൾക്കും, ഐസിഡിഎസ് പ്രോജക്ട് ഓഫീസുകൾക്കും POL & Hire ചാർജ്ജ് ഇനത്തിൽ തുക അനുവദിച്ചു വരുന്നു. നടപ്പ് സാമ്പത്തിക വർഷം POL & Hire ചാർജ്ജ് ഇനത്തിൽ നാളിതുവരെ 2,69,86,281/- രൂപ പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുണ്ട്.

2026-27 സാമ്പത്തിക വർഷത്തെ രണ്ടാം ക്വാർട്ടറിൽ പ്രോഗ്രാം ഓഫീസുകൾക്കും, ഐസിഡിഎസ് പ്രോജക്ട് ഓഫീസുകൾക്കും POL & Hire ചാർജ്ജ് ഇനത്തിൽ ആവശ്യമായ തുക അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം എല്ലാ ജില്ലാ വനിതാ-ശിശു വികസന ഓഫീസർമാരും ശിപാർശ സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

| ക്രമ നം. | ജില്ല | POL | Hire Charge | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 19,68,319/- | 19,68,319/- |
| 2 | കൊല്ലം | 0 | 15,27,063/- | 15,27,063/- |
| 3 | പത്തനംതിട്ട | 0 | 9,77,668/- | 9,77,668/- |
| 4 | ആലപ്പുഴ | 0 | 12,23,150/- | 12,23,150/- |
| 5 | കോട്ടയം | 0 | 10,73,028/- | 10,73,028/- |
| 6 | ഇടുക്കി | 0 | 9,18,925/- | 9,18,925/- |
| 7 | എറണാകുളം | 0 | 14,23,538/- | 14,23,538/- |
| 8 | തൃശ്ശൂർ | 0 | 16,06,513/- | 16,06,513/- |
| 9 | പാലക്കാട് | 54,568/- | 16,60,217/- | 17,14,785/- |
| 10 | മലപ്പുറം | 0 | 26,83,462/- | 26,83,462/- |
| 11 | കോഴിക്കോട് | 0 | 20,69,957/- | 20,69,957/- |
| 12 | വയനാട് | 0 | 5,62,804/- | 5,62,804/- |
| 13 | കണ്ണൂർ | 0 | 17,93,345/- | 17,93,345/- |
| 14 | കാസർഗോഡ് | 0 | 11,43,635/- | 11,43,635/- |
| | **ആകെ** | **54,568/-** | **2,06,31,624/-** | **2,06,86,192/-** |

ഈ സാഹചര്യത്തിൽ 2026-27 സാമ്പത്തിക വർഷത്തെ രണ്ടാം ക്വാർട്ടറിൽ പ്രോഗ്രാം ഓഫീസുകൾക്കും, ഐസിഡിഎസ് പ്രോജക്റ്റ് ഓഫീസുകൾക്കും POL & Hire ചാർജ്ജ് ഇനത്തിൽ ആവശ്യമായ രൂപ **2,06,86,192/-** (രണ്ട് കോടി ആറു ലക്ഷത്തി എൺപത്തിയാറായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപാ മാത്രം) മേൽ പട്ടികയിൽ വിവരിക്കും പ്രകാരം 14 ജില്ല വനിതാ-ശിശു വികസന ഓഫീസർമാർക്ക് SNA SPARSH Module പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

ജില്ലാ വനിതാ-ശിശു വികസന ഓഫീസർമാർ കീഴ് കാര്യാലയങ്ങളിൽ നിന്നുള്ള ഫണ്ട് റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ SNA SPARSH module പ്രകാരം ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർ, ശിശുവികസന പദ്ധതി ഓഫീസർക്ക് ആലോട്ട്മെന്റായി നൽകേണ്ടതും, പ്രോഗ്രാം ഓഫീസർ, ശിശുവികസന പദ്ധതി ഓഫീസർ SNA SPARSH module-(03.05) hiring for vehicles/petrols, oil & lubricant of vehicles എന്ന കമ്പോണന്റ് കോഡ് പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതുമാണ്.

ഇതിലേയ്ക്ക് ആവശ്യമായ ആകെ തുകയായ **2,06,86,192/-** (രണ്ട് കോടി ആറു ലക്ഷത്തി എൺപത്തിയാറായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപാ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-18-02 ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്. പ്രസ്തുത തുകയിൽ 1,24,11,715/- രൂപ കേന്ദ്രവിഹിതവും (60%), 82,74,477/- രൂപ സംസ്ഥാന വിഹിതവുമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് തുക അനുവദിക്കുന്നത് SNA SPARSH മുഖേനയായതിനാൽ പദ്ധതിയുടെ ഓരോ കമ്പോണന്റുകൾക്കും അനുവദിക്കുന്ന തുക അതത് കമ്പോണന്റുകൾക്ക് മാത്രമേ വിനിയോഗിക്കുവാൻ പാടുള്ളൂ. ആയതിനാൽ കമ്പോണന്റ് മാറി തുക ചെലവഴിക്കുന്നില്ലായെന്ന് ബന്ധപ്പെട്ട ഡിഡിഒ-മാർ ഉറപ്പുവരുത്തേണ്ടതാണ്.

V. VIGNESHWARI. IAS

**വനിതാ-ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ-ശിശു വികസന ഓഫീസർമാർക്കും

പകർപ്പ് :

1. സൂപ്രണ്ട് അക്കൗണ്ട്സ് സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിനായി)
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

Digitally signed by
A R Rahul
Date: 03-08-2026
14:22:36

**സൂപ്രണ്ട്**